**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 95** **01-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കലോത്സവങ്ങളുടെ നടത്തിപ്പിൽ കാലോചിതമായ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സ്കൂൾ കലോത്സവം സമാനതകളില്ലാത്ത ജനപങ്കാളിത്തത്തിലും സംഘടനാ മികവിലും നടത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.കൊല്ലം ജില്ലയിൽ നടന്ന 62-ാമത് സംസ്ഥാന സ്കൂൾ കലോത്സവം ജനപങ്കാളിത്തം കൊണ്ടും സംഘടനാ മികവ് കൊണ്ടും ഏറെ ശ്രദ്ധേയമായിരുന്നു. എല്ലാ വേദികളിലും നല്ല പ്രേക്ഷക പങ്കാളിത്തം പ്രകടമായിരുന്നു. സംസ്ഥാന സർക്കാർ സംവിധാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ വിഭാഗങ്ങളും ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളിലൂടെയാണ് കലോത്സവം സംഘടിപ്പിച്ചത്. ഇക്കാര്യത്തിൽ സംഘാടക സമിതിയുടെ പ്രവർത്തനവും ശ്രദ്ധേയമായിരുന്നു. |
| (ബി) | കലോത്സവത്തിൽ മികവാർന്ന പ്രകടനം കാഴ്ചവെച്ച മത്സരാർത്ഥികൾക്ക് മികച്ച പിന്തുണയും പ്രോത്സാഹനവും തുടർന്നും ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മികച്ച പ്രോത്സാഹനവും പിന്തുണയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി എ ഗ്രേഡ് നേടുന്ന കുട്ടികൾക്ക് 1000/- രൂപ ഒറ്റ തവണ സ്കോളർഷിപ്പും സർട്ടിഫിക്കറ്റും ട്രോഫിയും നൽകുന്നുണ്ട്.ബി, സി ഗ്രേഡ് നേടുന്ന കുട്ടികൾക്ക് സർട്ടിഫിക്കറ്റും ട്രോഫിയും നൽകുന്നുണ്ട്. കൂടാതെ ഗ്രേഡ് നേടുന്ന എല്ലാ കുട്ടികൾക്കും ഗ്രേസ് മാർക്കും നൽകുന്നുണ്ട്. |
| (സി) | കലാകായിക മേഖലകളിൽ മികവ് പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം ഉൾപ്പടെയുള്ള പിന്തുണ ഉറപ്പാക്കുന്നതിനുവേണ്ടി പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | കലാമേളകളിൽ എ ഗ്രേഡ് നേടുന്ന എല്ലാ കുട്ടികൾക്കും 1000/- രൂപ വീതം ഒറ്റ തവണ സ്കോളർഷിപ്പ് നൽകുന്നതിനായി എല്ലാ വർഷവും പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സർക്കാർ തുക അനുവദിക്കുന്നുണ്ട്. |
| (ഡി) | സ്കൂൾ കലോത്സവങ്ങളുടെ നടത്തിപ്പും കലോത്സവ മാനുവലും കാലോചിതമായ മാറ്റങ്ങൾക്ക് വിധേയമാക്കേണ്ട സാഹചര്യം നിലവിലുണ്ടോ; ഇതിനായി കലാ സാംസ്കാരിക മേഖലയിൽ നിന്നുള്ളവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | ഉണ്ട് . കലോത്സവ മാന്വൽ സമഗ്രമായി പരിഷ്കരിക്കുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള ഘട്ടങ്ങളിൽ അതാത് മേഖലകളിലുള്ള വിദഗ്ധരുടെ അഭിപ്രായം സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് . |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഗോത്ര കലകളെ മതിയായ പ്രാധാന്യത്തോടെ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | ഗോത്ര കലകളെ സ്കൂൾ യുവജനോത്സവത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ